**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - റിട്ട് പെറ്റീഷൻ 199/14-ന്റെ 22/03/2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. മിനി ജെ ചാമനു ദുർബലത പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

**സ.ഉ(സാധാ) നം.7847/2018/ധന** **തിരുവനന്തപുരം, തീയതി : 19.09.2018**

---

പരാമർശം :
1) കൊല്ലം കർമ്മെലറാണി ട്രെയിനിങ് കോളേജ് മാനേജരുടെ 22.01.2009-ലെ ടി.എസ്-11/1532/2009 നമ്പർ നടപടി ക്രമം.
2) റിട്ട് പെറ്റീഷൻ 33332/2011 ലെ 14.12.2011 ലെ വിധിന്യായം.
3) സ .ഉ (സാധാ) 720/ഉ.വി.വ/2013 തീയതി 06.05.2013.
4) റിട്ട് പെറ്റീഷൻ 199/14-ന്റെ 22.03.2017-ലെ വിധിന്യായം.
5) 28.10.2017-ലെ ശ്രീമതി മിനി ജെ ചാമന്റെ ദുർബലത പെൻഷനുള്ള അപേക്ഷ.
6) കൊല്ലം ജില്ലാ മെഡിക്കൽ ബോർഡിന്റെ 20.07.2017-ലെ മെഡിക്കൽ സർട്ടിഫിക്കറ്റ്.
7) കൊല്ലം കർമ്മെലറാണി ട്രെയിനിങ് കോളേജ് മാനേജരുടെ 02.08.2018 ലെ കത്ത്
8) സർക്കുലർ നമ്പർ.54/2013/ധന തീയതി 19.06.2013.

## ഉത്തരവ്

കൊല്ലം കർമ്മെലറാണി ട്രെയിനിംഗ് കോളേജിൽ ലക്ചററായ ശ്രീമതി മിനി ജെ ചാമൻ 01.10.2003 മുതൽ 30.09.2008 വരെയുള്ള ശൂന്യവേതനാവധിയുടെ (joining with spouse) കാലാവധിക്ക് ശേഷം വീണ്ടും 5 വർഷക്കാലയളവ് കൂടി ശൂന്യവേതനാവധിയ്ക്ക് അപേക്ഷിക്കുകയും മാനേജ്മെന്റ് പ്രസ്തുത ആവശ്യം നിരാകരിക്കുകയും വീണ്ടും ജോലിയിൽ പ്രവേശിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ടിയാരി തിരികെ ജോലിയിൽ പ്രവേശിക്കാത്തതിനെ തുടർന്ന്, അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് മൂലം മാനേജ്മെന്റ് ടിയാരിയെ കേട്ടതിനു ശേഷം 01.10.2008 തീയതി പ്രാബല്യത്തിൽ പരാമർശം (1) പ്രകാരം ശ്രീമതി. മിനി ജെ. ചാമനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു.

പിരിച്ചുവിടൽ നടപടിയ്ക്കെതിരെയും ആകെ സേവനം അനുഷ്ഠിച്ച 12 വർഷം 1 മാസം 25 ദിവസം (05.08.1991 - 30.09.2003) വരെയുള്ള സേവന കാലയളവ് കണക്കാക്കി പെൻഷൻ അനുവദിക്കണമെന്നും കാണിച്ച് ശ്രീമതി. മിനി ജെ ചാമൻ റിട്ട് പെറ്റീഷൻ 33332/11 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പരാതിക്കാരിയുടെ അപേക്ഷ സർക്കാർ തലത്തിൽ കേട്ട് തീരുമാനമെടുക്കുവാൻ ഉത്തരവാകുകയുണ്ടായി. അതിൻപ്രകാരം സർക്കാർ പരാതിക്കാരിയുടെ അപേക്ഷ വിശദമായി പരിശോധിക്കുകയും കെ.എസ്.ആർ. പാർട്ട് III Rule 29 പ്രകാരം പിരിച്ചുവിടപ്പെട്ടവർക്ക് പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ല എന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പരാതിക്കാരിയുടെ അപേക്ഷ നിരസിക്കുകയുണ്ടായി.

ഇതിനെതിരെ ശ്രീമതി. മിനി.ജെ.ചാമൻ റിട്ട് പെറ്റീഷൻ 199/14 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 22/03/2017-ലെ വിധിയിൽ ടിയാരിയെ സേവനത്തിൽ നിന്നും പിരിച്ചു വിടപ്പെട്ട മാനേജ്മെന്റിന്റെ നടപടി ശരിവയ്ക്കുന്നുവെങ്കിലും 2008 മുതൽ കാൻസർ രോഗത്തിന് ടിയാരി ചികിത്സയ്ക്കായി വിദേശത്തായിരുന്നു എന്നത് പരിഗണിച്ചു മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ടിയാരിക്കു ദുർബലത പെൻഷൻ നൽകണമെന്നു ഉത്തരവിട്ടു.

ദുർബലത പെൻഷന് വേണ്ടി ശ്രീമതി മിനി ജെ ചാമൻ കൊല്ലം ജില്ലാ മെഡിക്കൽ ബോർഡിന്റെ 20.07.2017-ലെ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിക്കുകയുണ്ടതായി. ബഹു. കോടതി വിധി നടപ്പിലാക്കുന്നതിനായി ടിയാരിയെ പിരിച്ചു വിട്ട നടപടി പുനഃപരിശോധിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശം കോളേജ് മാനേജ്മെന്റ് അംഗീകരിക്കുകയുണ്ടായില്ല ശ്രീമതി. മിനി.ജെ.ചാമനെ പിരിച്ചുവിട്ട നടപടി റദ്ദാക്കുവാൻ മാനേജ്മെന്റിനു കഴിയുന്നതല്ല എന്നു കൊല്ലം കർമ്മെലറാണി ട്രെയിനിംഗ് കോളേജ് മാനേജർ പരാമർശം (7) പ്രകാരം അറിയിക്കുകയുണ്ടായി.

എയ്ഡഡ് കോളേജിലെ ഒരു ഉദ്യോഗസ്ഥനെ സർവീസിൽ നിന്നും പിരിച്ചു വിട്ട നടപടി റിവ്യൂ ചെയ്യുന്നതിനായി യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലോ സർക്കാർ തലത്തിലോ ചട്ടങ്ങൾ ഒന്നും തന്നെയില്ലാത്ത സാഹചര്യത്തിൽ റിട്ട് പെറ്റീഷൻ 199/14-ന്റെ 22/03/2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ വിശേഷാൽ അധികാരം ഉപയോഗിച്ച് ശ്രീമതി. മിനി ജെ ചാമനെ സേവനത്തിൽ നിന്നും പിരിച്ചു വിട്ട

മാനേജ്മെന്റിന്റെ പരാമർശം (1) ലെ നടപടി റദ്ദ് ചെയ്യും 01.10.2008 തീയതി മുതൽ ടിയാരിക്ക് ദുർബലത പെൻഷൻ അനുവദിച്ചും പരാമർശം (8) പ്രകാരം ദുർബലത പെൻഷന്റെ സാമ്പത്തിക ആനുകൂല്യം ബഹു. കോടതിയുടെ വിധിന്യായ തീയതിയായ 22/03/2017 മുതൽ മാത്രം ശ്രീമതി മിനി ജെ ചാമനു അനുവദിച്ചും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**കെ. രാജശ്രീ**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ശ്രീമതി. മിനി ജെ ചാമൻ, ചമ്പപറമ്പിൽ ഹൗസ്, തിരുമൂലപ്പുറം, തിരുവല്ല, പത്തനംതിട്ട
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി, പാളയം, തിരുവനന്തപുരം
മാനേജർ, കർമ്മെലറാണി ട്രെയിനിങ് കോളേജ്, ഫാത്തിമ റോഡ്, അലോഷ്യസ് എച് എസ് എസിനു സമീപം, കൊല്ലം
പ്രിൻസിപ്പാൾ, കർമ്മെലറാണി ട്രെയിനിങ് കോളേജ്, ഫാത്തിമ റോഡ്, അലോഷ്യസ് എച് എസ് എസിനു സമീപം, കൊല്ലം
ഉന്നത വിദ്യാഭ്യാസ വകുപ്പ് (u.o(f)No.HEdn-D1/378/2017-HEdn)
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (u.o(f)No.684867/Pen-B3/2018-Fin)

ഉത്തരവിൻ പ്രകാരം
**സെക്ഷൻ ഓഫീസർ**